പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1973 26-10-2026-ൽ മറുപടിയ്ക്ക്

ജനകീയാരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. സേനാപതി വേണു	ശ്രീ. കെ. മുരളീധരൻ
ശ്രീ. വി. ടി. സൂരജ്	(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)
ശ്രീ. എം. എം. നസീർ	

(എ) സംസ്ഥാനത്ത് എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടം ഉറപ്പാക്കാനും ഇത്തരം കേന്ദ്രങ്ങൾ വഴി 100 ഇനം മരുന്നുകൾ സൗജന്യമായി ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

മറുപടി: | സംസ്ഥാനത്തെ എല്ലാ ജനകീയ ആരോഗ്യകേന്ദ്രങ്ങൾക്കും സ്വന്തമായി കെട്ടിടം ഉറപ്പാക്കുന്നതിനുവേണ്ടി പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാന്റ് വഴി, സംസ്ഥാനത്തെ 1273 ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ കേന്ദ്രത്തിനും 55.5 ലക്ഷം രൂപ വീതം ലഭ്യമാക്കി നിർമാണ പ്രവർത്തനം നടത്ത വരുന്നു. കൂടാതെ സ്വന്തമായി കെട്ടിടമുള്ള കേന്ദ്രങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് ദേശീയ ആരോഗ്യ ദൗത്യം മുഖേന 7 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

100 ഇനം മരുന്നുകൾ സൗജന്യമായി ന ൽകുന്ന വിഷയം സർക്കാർ പരിശോധി ച്ച് വരികയാണ്

(ബി) എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ഡോക്ടർ, നഴ്സ്, ഫാർമിസിസ്റ്റ് ഒഴിവുകൾ അടിയന്തരമായി നികത്താനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

മറുപടി: നിലവിലെ മാനദണ്ഡം പ്രകാരം ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് തസ്തികകൾ അനുവദിച്ചിട്ടില്ല.

(സി) രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി പ്രതിരോധിക്കുന്നതിനായി ആരംഭിച്ച 'ഹൃദയരാഗം' ക്യാംപെയ്ൻ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിക്കുമോ; വിശദമാക്കുമോ?

മറുപടി: ജീവിതശൈലി രോഗങ്ങൾ ഉൾപ്പെടെയുള്ള രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി ആവശ്യമായ ചികിത്സയും, തുടർപരിചരണവും ഉറപ്പാക്കുന്നതിനായി ആരംഭിച്ച ഹൃദയരാഗം ക്യാമ്പയിൻ ഘട്ടംഘട്ടമായി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ മൂന്ന് നിയമസഭാ മണ്ഡലങ്ങളിൽ ക്യാമ്പയിൻ നടപ്പിലാക്കും. ഗ്രാമീണ-ഗോത്ര മേഖലകൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് വടക്കൻ കേരളത്തിലെ നിലമ്പൂർ നിയോജകമണ്ഡലത്തിലും, ഇടുക്കി ജില്ലയിലെ ഇടുക്കി നിയമസഭാ മണ്ഡലത്തിലും, തെക്കൻ

കേരളത്തിലെ വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിലും ഉൾപ്പെടെ തെരഞ്ഞെടുത്ത മൂന്ന് നിയമസഭാ മണ്ഡലങ്ങളിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

തുടർന്ന് രണ്ടാംഘട്ടത്തിൽ 30 മണ്ഡലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കും, മൂന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളെയും ഉൾപ്പെടുത്തി സമഗ്രമായി പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. രോഗസാധ്യത നേരത്തേ കണ്ടെത്തുക, ആവശ്യമായ പരിശോധനകൾ നടത്തുക, രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, തുടർചികിത്സ ഉറപ്പാക്കുക എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് പദ്ധതി സംസ്ഥാനമൊട്ടാകെ ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ